**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 316** **07-10-2024 - ൽ മറുപടിയ്ക്ക്**

**കില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 17/07/2020 ലെ സ. ഉ (കൈ ).നം 106/2020/ ത.സ്വ. ഭ.വ. ഉത്തരവ് പ്രകാരം തസ്തികകൾ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന് കൈമാറിയതിന് ശേഷം ഇപ്പോൾ കില സെന്ററുകളിൽ ഉള്ള തസ്തികകളുടെ എണ്ണം വ്യക്തമാക്കുമോ; | (എ) | കില - സെന്റർ ഫോർ ഗുഡ് ഗവേണൻസ് മണ്ണുത്തി - 24 തസ്തികൾ<br><br>കില-സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ഡെവലപ്മെന്റ് കൊട്ടാരക്കര - 46 തസ്തികകൾ<br><br>കില-അന്താരാഷ്ട്ര നേതൃപഠന കേന്ദ്രം തളിപ്പറമ്പ്-38 തസ്തികകൾ |
| (ബി) | 20-05-2023. ലെ സ.ഉ.(സാധാ) നം.1079/2023/ എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം തസ്തികകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഉണ്ട്.<br>20-05-2023. ലെ സ.ഉ.(സാധാ) നം.1079/2023/ എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം കിലയുടെ കൊട്ടാരക്കര കേന്ദ്രത്തിലെ(മുൻ ഇടിസി. കൊട്ടാരക്കര) 2 ക്ലാർക്ക് തസ്തികകളും 2 ഓഫീസ് അറ്റൻഡന്റ് തസ്തികകളും കണ്ണൂർ ജില്ലയിൽ കില തളിപ്പറമ്പ് കേന്ദ്രത്തിലേയ്ക്ക് (മുൻ ഇടിസി, തളിപറമ്പ) മാറ്റി ഉത്തരവായിട്ടുണ്ട്. |
| (സി) | മേൽ ഉത്തരവുകൾ അനുസരിച്ച് കേഡർ സ്ട്രെങ്ത്ത് പുന:ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | മേൽ ഉത്തരവുകൾ അനുസരിച്ച് കേഡർ സ്ട്രെങ്ത്ത് പുന:ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ആയതിനുള്ള തുടർ നടപടികൾ കൈകൊണ്ടുവരുന്നുണ്ട്.<br>17/07/2020 ലെ സ. ഉ (കൈ ).നം 106/2020/ ത.സ്വ. ഭ.വ. ഉത്തരവ് ,ഖണ്ഡിക 14 പ്രകാരം നിലവിൽ കിലയുടെ ഭാഗമായ എല്ലാ ജീവനക്കാരെയും പൂർണ്ണമായും കിലയുടെ സ്റ്റാഫ് കേഡറിന്റെ ഭാഗമാക്കേണ്ടതാണ്.കിലയുടെതല്ലാത്ത മുഴുവൻ സ്ഥാപനങ്ങളിലെ പോസ്റ്റുകളും ജീവനക്കാർ വിരമിക്കുന്നതിനനുസരിച്ച് കിലക്ക് വിട്ടുകൊടുക്കുന്നതിനായി ഉത്തരവായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒഴിവുവരുന്ന തസ്തികകളും ജീവനക്കാർ വിരമിക്കുന്ന തസ്തികകളും കിലയുടെ സ്റ്റാഫ് |

| | | | |
|---|---|---|---|
| | | | കേഡറിന്റെ ഭാഗമാക്കുന്നതിനായുള്ള തുടർ നടപടികൾ കില കൈകൊണ്ടുവരുന്നുണ്ട്. |
| (ഡി) | ഏകീകൃത പൊതു സർവീസിൽ ഉൾപ്പെട്ട ഏതൊക്കെ തസ്തികകൾ എത്ര എണ്ണം വീതം കിലയിലും കിലയുടെ സെന്ററുകളിലും ഉണ്ടെന്നറിയിക്കുമോ? | (ഡി) | കില സി.എച്ച്.ആർ.ഡി സെന്ററിലെ ഡയറക്ടർ തസ്തിക ഏകീകൃത പൊതു സർവ്വീസിൽ ഉൾപ്പെട്ട ജോയിന്റ് ഡയറക്ടർ ആണ്.<br><br>കില തൃശ്ശൂർ കേന്ദ്രത്തിൽ HR മാർഗ്ഗരേഖ പ്രകാരമുള്ള തസ്തികകൾ.<br><br>കില-സെന്റർ ഫോർ ഗുഡ് ഗവേണൻസ് മണ്ണുത്തി-16 തസ്തികൾ.<br><br>കില-സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ഡെവലപ്മെന്റ് കൊട്ടാരക്കര-34 തസ്തികകൾ.<br><br>കില-അന്താരാഷ്ട്ര നേതൃപഠന കേന്ദ്രം തളിപ്പറമ്പ്-27 തസ്തികകൾ.<br><br>ഏകീകൃത സ്പെഷ്യൽ റൂളിൽ തസ്തികകളിൽ ഉൾപ്പെടാത്ത 31 ലക്ചറർ തസ്തികകൾ 3 സെന്ററുകളിലായി നിലവിലുണ്ട്. നിലവിലുള്ള ജീവനക്കാർ വിരമിക്കുന്ന മുറക്ക് അതാത് തസ്തികകൾ കിലയുടെ സ്റ്റാഫ് സ്ട്രെങ്ങ്ത്തിന്റെ ഭാഗമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ